LIBRARY ARCHIVES Kerala Legislative Assembly

പയ്യന്നൂർ ഖാദി വ്യവസായ കേന്ദ്രം

87(2075) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ ഖാദി വ്യവസായ കേന്ദ്രത്തിൽ പുതുതായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കേന്ദ്രത്തിൽ എത്ര തൊഴിലാളികളാണ് ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കേന്ദ്രത്തിൽ പുതുതായി എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ

ഉത്തരം

(എ) ഉണ്ട്. പയ്യന്നൂർ ഖാദി കേന്ദ്രത്തിന് കീഴിൽ ഗോപിനാഥൻനായർ കമ്മീഷൻ റിപ്പോർട്ട് പ്രകാരം പുതുതായി തൊഴിൽ നൽകുവാനായി 200 തറികൾ വാങ്ങി നെയ്ത്ത് കേന്ദ്രങ്ങളും 209 ചർക്കകൾ വാങ്ങി നൂല്പുകേന്ദ്രങ്ങളും തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. പുതുതായി 500 പേർക്ക് തൊഴിൽ നൽകുന്നതിനുള്ള പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

(ബി) 2273 തൊഴിലാളികൾ ജോലി ചെയ്തുവരുന്നു.

(സി) 2014-15 സാമ്പത്തിക വർഷത്തിൽ പുതുതായി 80 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

കൺസ്യൂമർ ഫെഡ് നൽകുന്ന സബ്സിഡി

88(2076) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് കൺസ്യൂമർ ഫെഡ്വഴി വിതരണം ചെയ്യുന്ന ഏതൊക്കെ നിത്യോപയോഗ സാധനങ്ങൾക്കാണ് സബ്സിഡി നല്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ വർഷം മുഴുവനും പ്രവർത്തിക്കുന്ന നന്മ

സ്റ്റോറുകളിലൂടെ പൊതുവിപണിയിൽ നിന്നും 5% വരെ കുറഞ്ഞ നിരക്കിൽ 6 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങളും ഉൽസവകാലങ്ങളിൽ സംഘടിപ്പിക്കുന്ന സബ്സിഡി വിപണന മേളകളിലൂടെ സർക്കാർ സബ്സിഡിയോടെ 13 ഇനം നിത്യോപയോഗ സാധനങ്ങളുമാണ് വിതരണം ചെയ്തുവരുന്നത്. ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. നന്മ സ്റ്റോറുകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന അവശ്യ നിത്യോപയോഗ സാധനങ്ങൾ

ക്രമ നമ്പർ	ഇനം
1	ജയ അരി
2	കുറുവ അരി
3	കുത്തരി
4	പച്ചരി
5	പഞ്ചസാര
6	വെളിച്ചെണ്ണ

2. ഉൽസവകാല വിപണികളിലൂടെ സബ്സിഡി നിരക്കിൽ വിപണനം ചെയ്യുന്ന അവശ്യ നിത്യോപയോഗ സാധനങ്ങൾ.

ക്രമ നമ്പർ	ഇനം
1	ജയ അരി
2	കുറുവ അരി
3	കുത്തരി
4	പച്ചരി
5	പഞ്ചസാര

LIBRARY ARCHIVES Kerala Legislative Assembly

6	ചെറുപയർ
7	വൻകടല
8	ഉഴുന്ന്
9	വൻപയർ
10	തുവരപരിപ്പ്
11	മുളക്
12	മല്ലി
13	വെളിച്ചെണ്ണ

കൺസ്യൂമർ ഫെഡ് സ്ഥാപനങ്ങൾ

89(2077) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർ ഫെഡ് പുതുതായി എന്തൊക്കെ സ്ഥാപനങ്ങൾ തുടങ്ങി ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) എത്ര ജീവനക്കാരെ ഈ പുതിയ സ്ഥാപനങ്ങളിൽ നിയമിച്ചു ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഇതിൽ ഇതുവരെ എത്ര സ്ഥാപനങ്ങൾ പൂട്ടി ; എത്ര ജീവനക്കാരെ പിരിച്ചുവിട്ടു ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) കൺസ്യൂമർ ഫെഡിന്റെ നിലവിലുള്ള കടബാധ്യത എത്രയാണ് ; സർക്കാരിൽനിന്നും എത്ര തുക ലഭിക്കാനുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3 സോണൽ ഓഫീസുകൾ, 4 റീജിയണൽ ആഫീസുകൾ, 1 ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി, 1 ശ്രുശ്രൂഷ

LIBRARY ARCHIVES Kerala Legislative Assembly